പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

കൊയിലാണ്ടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പ്രകാരം നിർമ്മിക്കുന്ന റോഡുകൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3222

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എ്.സ്.വൈ യിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന റോഡുകൾ ഏതെല്ലാം എന്നും ഓരോ റോഡിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) കീഴൂർടൗൺ- തുറശ്ശേരിക്കടവ് റോഡ് KR-08-32 , പയ്യോളി പഞ്ചായത്ത്, അനുവദിച്ച തുക 51.60 ലക്ഷം- പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2) കൊയിലോത്തുംപടി - ചക്കറ റോഡ്, KR-08-44 , മൂടാടി പഞ്ചായത്ത്, അനുവദിച്ച തുക 113.12 ലക്ഷം. ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം |

| | | | |
|---|---|---|---|
| | | | • ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ൽ അധികം ജനസംഖ്യയുള്ള ആവാസ കേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകളും നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവും പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5കി.മി.ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2.നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ് വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3.കൂടുതൽ ആളുകൾക്ക്/ ആവാസകേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4.ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>5.ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. |
| (സി) | പി.എം.ജി.എസ്.വൈ യിൽ പുതുതായി പരിഗണനയിൽ ഉള്ള റോഡുകൾ ഏതെല്ലാം? | (സി) | പുതുതായി **PMGSY-II** സ്റ്റേറ്റിന് അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്താവുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പുതുതായി **DRRP** തയ്യാറാക്കി വരുന്നു |

(ഒപ്പ്)

സെക്ഷൻ ഓഫീസർ